12897
4/7/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ(രണ്ടു പേരും/ആരെങ്കിലും ഒരാൾ) മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിദ്യാകിരണം പദ്ധതി-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.369/2018/സാ.നീ.വ        തിരുവനന്തപുരം, തീയതി 22.6.2018

---

പരാമർശം- 1. 12.4.2018 ലെ സാമൂഹ്യനീതി ഡയറക്ടറുടെ D6-5035/18 നമ്പർ കത്ത്

2 17.5.2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

**ഉത്തരവ്**

ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ആരെങ്കിലും ഒരാൾ) മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിദ്യാകിരണം പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കി. നടപ്പ സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പാക്കുന്നതിനായി കുട്ടികളെ 4 വിഭാഗമായി തിരിച്ച് ഓരോ ജില്ലയിൽ നിന്നും ഓരോ വിഭാഗത്തിൽ നിന്നും 50 വീതം ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം 1,78,50,000/- രൂപ അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

| ക്രമ നം | ക്ലാസ്സ് | സ്കോളർഷിപ്പ് നിരക്ക്(മാസം) | ഗുണഭോക്താക്കളുടെ എണ്ണം | സ്കോളർഷിപ്പ് നൽകുന്ന കാലയളവ് | ജില്ല | ആവശ്യമായ തുക |
|---|---|---|---|---|---|---|
| 1 | 1 മുതൽ 5 വരെ | 300 | 50 | 10 മാസം | 14 | 21,00,000/- (300x 50x10x 14) |
| 2 | 6 മുതൽ 10 വരെ | 500 | 50 | 10 മാസം | 14 | 35,00,000/- (500x 50x10x 14) |
| 3 | +1, +2 തത്തുല്യ കോഴ്സുകൾ | 750 | 50 | 10 മാസം | 14 | 52,50,000/- (750x 50x10x 14) |
| 4 | ഡിഗ്രി, പി.ജി, പോളി ടെക്നിക്ക്, തത്തുല്യ ട്രെയിനിംഗ് കോഴ്സുകൾ പ്രൊഫഷണൽ കോഴ്സുകൾ | 1000 | 50 | 10 മാസം | 14 | 70,00,000/- (1000x 50x10x 14) |
| | ആകെ ആവശ്യമായ തുക | | | | | 1, 78, 50,000/- |

പ്രൊപ്പോസലിൽ പരാമർശിച്ചിട്ടുള്ള 4 കാറ്റഗറിയിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരുടെ എണ്ണം കുറവു വരുന്ന സാഹചര്യത്തിൽ ഭരണാനുമതി ലഭിക്കുന്ന തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് മറ്റ് കാറ്റഗറിയിൽ ഉൾപ്പെടുന്ന അപേക്ഷകർക്ക് തുക അനുവദിക്കുന്നതിനും ജില്ലകളിൽ ലഭിക്കുന്ന അപേക്ഷകരുടെ എണ്ണം കുറവാകുന്ന സാഹചര്യത്തിൽ ചിലവാകാതെ വരുന്ന തുക അപേക്ഷകർ ഏറെയുള്ള മറ്റ് ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള അനുമതി കൂടി ലഭ്യമാക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

ഈ സാഹചര്യത്തിൽ ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ആരെങ്കിലും ഒരാൾ) മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിദ്യാകിരണം പദ്ധതിയ്ക്കായി 1,78,50,000/- രൂപ (ഒരു കോടി എഴുപത്തി എട്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിലെ 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും മേൽ പരാമർശിച്ചിട്ടുള്ള 4 കാറ്റഗറിയിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരുടെ എണ്ണം കുറവു വരുന്ന സാഹചര്യത്തിൽ ടി തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് മറ്റ് കാറ്റഗറിയിൽ ഉൾപ്പെടുന്ന അപേക്ഷകർക്ക് തുക അനുവദിക്കുന്നതിനും ജില്ലകളിൽ ലഭിക്കുന്ന അപേക്ഷകരുടെ എണ്ണം കുറവാകുന്ന സാഹചര്യത്തിൽ ചിലവാകാതെ വരുന്ന തുക അപേക്ഷകർ ഏറെയുള്ള മറ്റ് ജില്ലകൾക്ക് അനുവദിക്കുന്നതിനുമുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്(Item no 4)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ